<u>15 -ാം കേരള നിയമസഭ</u>

<u>14 -ാം സമ്മേളനം</u>

<u>നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3553</u> <u>08-10-2025 - ൽ മറുപടിയ്ക്ക്</u>

<u>രവീന്ദ്രൻ പട്ടയങ്ങൾ റദ്ദ് ചെയ്ത് പുതിയ പട്ടയം ലഭിക്കുന്നതിന് നടപടി</u>

<table>
<tr><th colspan="2">ചോദ്യം</th><th colspan="2">ഉത്തരം</th></tr>
<tr><th colspan="2">ശ്രീ. എ. രാജ</th><th colspan="2">ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി)</th></tr>
<tr><td>(എ)</td><td>ദേവികുളം താലൂക്കിൽ ആകെ എത്ര രവീന്ദ്രൻ പട്ടയങ്ങൾ റദ്ദ് ചെയ്തിരുന്നുവെന്നും ഇതിൽ പുതിയ പട്ടയം ലഭിക്കുന്നതിന് എത്ര അപേക്ഷകൾ ലഭിച്ചുവെന്നും അവയിൽ എത്ര അപേക്ഷകർക്ക് പുതിയ പട്ടയം നൽകിയിട്ടുണ്ടെന്നുമുള്ള വിശദാംശം വില്ലേജ് തിരിച്ച് ലഭ്യമാക്കാമോ;</td><td>(എ)</td><td>ദേവികുളം താലൂക്കിൽ 546 രവീന്ദ്രൻ പട്ടയങ്ങളിൽ നിന്ന് 542 എണ്ണം റദ്ദ് ചെയ്ത് നടപടി സ്വീകരിച്ചിട്ടുണ്ട്. ഇതിൽ പുതിയ പട്ടയങ്ങൾ ലഭിക്കുന്നതിന് ആകെ 305 അപേക്ഷകളാണ് നാളിതുവരെ ലഭിച്ചിട്ടുള്ളത്. റദ്ദാക്കിയ രവീന്ദ്രൻ പട്ടയങ്ങളുടെ വില്ലേജ് തിരിച്ചുള്ള വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.<br><br>രണ്ടാം ഘട്ടത്തിൽ 72 കേസുകളിൽ പതിവിനുള്ള റിക്കാർഡുകൾ തയ്യാറാക്കി പതിവ് കമ്മിറ്റിയുടെ അംഗീകാരത്തോടെ ലിസ്റ്റ് മേൽ പരിശോധനയ്ക്കായി ലഭ്യമാക്കിയിട്ടുണ്ട്. എന്നാൽ ഇടുക്കി ജില്ലയിൽ, 1964 ലെ കേരള ഭൂമി പതിവ് ചട്ടങ്ങൾ പ്രകാരം കൈവശ ഭൂമിയ്ക്ക് പട്ടയം നൽകുന്നത് സ്റ്റേ ചെയ്ത് ബഹു.കേരള ഹൈക്കോടതിയുടെ 10/01/2024 ലെ WP(C) 1801/2010 നമ്പർ ഇടക്കാല ഉത്തരവ് നിലവിലുള്ളതിനാൽ പട്ടയം അനുവദിക്കുന്നതിനുള്ള തുടർനടപടികൾ തടസ്സപ്പെട്ടിട്ടുള്ളതാണ്. ടി കേസ്സുകളുടെ വില്ലേജ് തിരിച്ചുള്ള വിവരം ചുവടെ ചേർക്കുന്നു.<br><br><table><tr><th>ക്രമ നം</th><th>വില്ലേജ്</th><th>ജില്ലാ കളക്ടറുടെ അംഗീകാരത്തിന് സമർപ്പിച്ചിട്ടുള്ള കേസുകളുടെ എണ്ണം</th></tr><tr><td>1</td><td>വട്ടവട</td><td>1</td></tr><tr><td>2</td><td>കാന്തല്ലൂർ</td><td>5</td></tr><tr><td>3</td><td>കുഞ്ചിത്തണ്ണി</td><td>64</td></tr><tr><td>4</td><td>വെള്ളത്തൂവൽ</td><td>2</td></tr><tr><td></td><td>ആകെ</td><td>72</td></tr></table></td></tr>
<tr><td>(ബി)</td><td>കണ്ണൻ ദേവൻ ഹിൽസ് വില്ലേജുകളിൽ പ്രസ്തുത അപേക്ഷ സ്വീകരിക്കുന്നതിന് എന്തെങ്കിലും തടസങ്ങളുണ്ടോ; എങ്കിൽ കാരണം</td><td>(ബി)</td><td>കണ്ണൻ ദേവൻ ഹിൽസ് വില്ലേജിലെ റദ്ദാക്കപ്പെട്ട രവീന്ദ്രൻ പട്ടയങ്ങൾക്ക് പകരം പുതിയ പട്ടയം അനുവദിക്കുന്നതിന് അപേക്ഷകൾ ലഭിച്ചിട്ടില്ല.റദ്ദാക്കപ്പെട്ട പട്ടയങ്ങൾ</td></tr>
</table>

| | | | |
|---|---|---|---|
| | വിശദമാക്കാമോ; തടസങ്ങൾ പരിഹരിച്ച് അപേക്ഷ സ്വീകരിക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ? | | അനുവദിച്ചിരുന്നത് 1964 ലെ കേരള ഭൂമി പതിവ് ചട്ടങ്ങൾ പ്രകാരമാണ്.ടി വില്ലേജിൽ 1960 ലെ ഭൂമി പതിവ് നിയമത്തിലെ പൊതു വ്യവസ്ഥകൾക്ക് പ്രാബല്യം ഇല്ലെന്നും 1971 ലെ കെ.ഡി.എച്ച് ആക്റ്റിന് അനുസൃതമായി രൂപീകരിച്ച ചട്ടങ്ങൾ പ്രകാരമാണ് പതിച്ച് നൽകേണ്ടതെന്നും ബഹു.കേരള ഹൈക്കോടതി WP(C) 24614/2006 നമ്പർ കേസിലെ 15.03.2013 ലെ വിധിന്യായ പ്രകാരം ഉത്തരവായിട്ടുള്ളതാണ്.ഈ വിഷയത്തിൽ ഫയൽ ചെയ്ത RP.546/2013 നമ്പർ റിവ്യൂ പെറ്റീഷനും കോടതി നിരസിച്ചിട്ടുള്ളതാണ്. കൈവശ ഭൂമിയ്ക്ക് പട്ടയം നൽകുവാൻ KDH ചട്ടത്തിൽ വ്യവസ്ഥ ഇല്ലാത്തതിനാൽ, 01.08.1971 ന് മുൻപ് ഭൂമി കൈവശം വച്ച് വരുന്ന കർഷകർക്കു കർഷകത്തൊഴിലാളികൾക്കും ഭൂമി പതിച്ചു കിട്ടുന്നതിലേയ്ക്കായി KDH ചട്ടം ഭേദഗതി ചെയ്യുന്നത് സർക്കാരിന്റെ സജീവ പരിഗണനയിലാണ്. |

സെക്ഷൻ ഓഫീസർ

**അനുബന്ധം**

## റദ്ദാക്കിയ രവീന്ദ്രൻ പട്ടയങ്ങളുടെ വില്ലേജ് തിരിച്ചുള്ള വിവരങ്ങൾ

| ക്രമനമ്പർ | വില്ലേജ് | ആകെ കേസുകളുടെ എണ്ണം | നാളിതു വരെ റദ്ദാക്കിയത് | റദ്ദാക്കാൻ ശേഷിക്കുന്നത് | റിമാർക്സ് |
|---|---|---|---|---|---|
| 1 | കഞ്ചിത്തണ്ണി | 145 | 145 | 0 | |
| 2 | വെള്ളത്തൂവൽ | 45 | 45 | 0 | |
| 3 | കൊട്ടക്കാമ്പൂർ | 126 | 126 | 0 | |
| 4 | കെ.ഡി.എച്ച് | 113 | 111 | 2 | LA.100/99 LA.56/99 Pending |
| 5 | വട്ടവട | 64 | 62 | 2 | LA.25/99 (WPC),LA 2/98 Pending |
| 6 | മറയൂർ | 6 | 6 | 0 | |
| 7 | കാന്തല്ലൂർ | 31 | 31 | 0 | |
| 8 | കീഴാന്തൂർ | 16 | 16 | 0 | |
| | ആകെ | 546 | 542 | 4 | |

## അപേക്ഷകളുടെ വില്ലേജ് തിരിച്ചുള്ള എണ്ണം

| ക്രമനമ്പർ | വില്ലേജ് | അപേക്ഷകളുടെ എണ്ണം |
|---|---|---|
| 1 | കഞ്ചിത്തണ്ണി | 159 |
| 2 | വെള്ളത്തൂവൽ | 33 |
| 3 | പള്ളിവാസൽ | 2 |
| 4 | മറയൂർ | 4 |
| 5 | കാന്തല്ലൂർ | 23 |
| 6 | കീഴാന്തൂർ | 11 |
| 7 | വട്ടവട | 41 |
| 8 | കൊട്ടക്കാമ്പൂർ | 32 |
| 9 | കെ.ഡി.എച്ച് | 0 |
| 10 | മൂന്നാർ | 0 |
| | ആകെ | 305 |

**വിതരണം ചെയ്ത പട്ടയങ്ങളുടെ വില്ലേജ് തിരിച്ചുള്ള എണ്ണം**

| ക്രമ നമ്പർ | വില്ലേജ് | പട്ടയം നൽകിയ കേസുകളുടെ എണ്ണം |
|---|---|---|
| 1 | മറയൂർ | 3 |
| 2 | കാന്തല്ലൂർ | 3 |
| 3 | കീഴാന്തൂർ | 4 |
| 4 | കുഞ്ചിത്തണ്ണി | 40 |
| 5 | വെള്ളത്തൂവൽ | 18 |
| 6 | പള്ളിവാസൽ | 1 |
| | ആകെ | 69 |

**സെക്ഷൻ ഓഫീസർ**